# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 7251** 11.07.2014- ൽ മറുപടിക്ക്

## ഹിൽ ഹൈവേ പ്രോജക്ട്

**ചോദ്യം**

**ശ്രീ. എം. എ. വാഹീദ്**
**,, സണ്ണി ജോസഫ്**
**,, പി. സി. വിഷ്ണുനാഥ്**
**,, ലൂഡി ലൂയിസ്**

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) ഹിൽ ഹൈവേ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ 13 ജില്ലകളിലെ മലയോര പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു തെക്ക്-വടക്ക് പാതയാണ് ഹിൽഹൈവേ കൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്ദേശം 1160 കിലോമീറ്റർ നീളം വരുന്ന പ്രസ്തുത ഹൈവേ നിലവിലുള്ള നാഷണൽ ഹൈവേ, സംസ്ഥാന പാത, മേജർ ജില്ലാ റോഡുകൾ, വില്ലേജ് റോഡുകൾ എന്നിവ പ്രയോജനപ്പെടുത്തി മലയോര ജില്ലകളെ സംസ്ഥാനത്തെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

(ബി) ഇത് സമയബന്ധിതമായി നടപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സ്വീകരിക്കുന്നതാണ്. സർക്കാർ ഉത്തരവ് (കൈ) നം. 51/2013 പൊ.മ.വ. തീയതി 14.06.2013 പ്രകാരം സംസ്ഥാനത്തിന്റെ ബൃഹത് സംരംഭമായ സ്പീഡ് (SPEEID) കേരളാ പദ്ധതിയിൽ ഹിൽ ഹൈവേ ഉൾപ്പെടുത്തി ഉത്തരവിറക്കിയിട്ടുണ്ട്.

(സി) ഏതെല്ലാം ഏജൻസികളാണ് ഈ പ്രോജക്ടുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ ഫണ്ടിംഗ് ഏജൻസി കേരളാ റോഡ് ഫണ്ട് ബോർഡും, വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നത് നാറ്റ്പാക്കും (NATPAC), നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് പൊതുമരാമത്ത് റോഡ്സ് വിഭാഗവുമാണ്.

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(ഡി) ഹിൽഹൈവേയുടെ ഭാഗമായ കണ്ണൂർ, എറണാകുളം, വയനാട് ജില്ലകളിലെ ചില റോഡുകൾ ഇപ്പോൾ തന്നെ ബി.എം. & ബി.സി. ചെയ്ത് ഹിൽഹൈവേയുടെ ഭാഗമാകത്തക്ക രീതിയിൽ നവീകരിച്ചിട്ടുണ്ട്. സ്പീഡ് കേരളാ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയെ വിവിധ പാക്കേജുകളാക്കി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ